ദേവസ്വം ബോർഡിലെ നിയമനം പി. എസ്. സി. മുഖേനയാക്കാൻ നടപടി

5 [*89] ശ്രീ. വർക്കല കഹാർ:

„ ജോർജ് ജെ. മാത്യു:

„ ടി. യു. രാധാകൃഷ്ണൻ :

„ സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഉദ്യോഗങ്ങളിലേക്കുള്ള നിയമനം പി. എസ്. സി. ക്ക് വിടാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ;

(ബി) നിയമനങ്ങളിൽ അഴിമതിയില്ലാതെ ബന്ധപ്പെട്ട ബോർഡുകൾ തന്നെ നിയമനം നടത്തുവാൻ വേണ്ട സംവിധാനമുണ്ടാക്കുമോ ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) പരിഗണനയിലില്ല.

കഞ്ചാവ് കൃഷി തടയാൻ നടപടി

6 [*90] ശ്രീ. ഇ. എം. അഗസ്തി:

„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാന്തരങ്ങളിൽ കഞ്ചാവ് കൃഷി എവിടെയെല്ലാം നടത്തുന്നുവെന്ന് കണ്ടുപിടിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കഞ്ചാവ് കൃഷിയെപ്പറ്റി വിവരം ലഭിക്കുന്ന പക്ഷം അത് നശിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർ കൃഷിയുടെ വളരെച്ചെറിയഭാഗം മാത്രമേ നശിപ്പിക്കുന്നുള്ളൂ എന്ന പരാതി ഉയർന്നിട്ടുണ്ടോ ;

(സി) കഞ്ചാവ് കൃഷി നടത്തുന്നവരെ കണ്ടുപിടിച്ച് അവരുടെമേൽ കേസ് രജിസ്റ്റർ ചെയ്യാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) സംസ്ഥാനത്തെ വനങ്ങളിൽ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ റോന്ത് ചുറ്റി കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നു. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യവിവരം ശേഖരിക്കാറുണ്ട്. കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സഹായവും, പ്രാദേശിക സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും ആദിവാസികളുടെയും സേവനവും ഉപയോഗപ്പെടുത്തുന്നു. കഞ്ചാവ് കൃഷി തടയുന്നതിന് സർക്കാർ 24-6-2005-ലെ

LIBRARY ARCHIVES Kerala Legislative Assembly